| 16-12-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- പാവനമാകുന്നതിനുള്ള ഈ പഠിപ്പ് മറ്റെല്ലാ പഠിപ്പുക്കളെക്കാളും സഹജമാണ്. ഇത് കുട്ടികൾക്കും യൗവനപ്രായക്കാർക്കും വൃദ്ധർക്കും എല്ലാവർക്കും പഠിക്കാൻ സാധിക്കും, കേവലം 84 ജന്മങ്ങളെ അറിയണം.**

**ചോദ്യം-** ചെറിയവരാകട്ടെ വലിയവരാകട്ടെ എല്ലാവരും തീർച്ചയായും ചെയ്യേണ്ട അഭ്യാസം ഏതാണ്?
**ഉത്തരം-** ഓരോരുത്തർക്കും മുരളി കേൾപ്പിക്കുന്നതിന്റെ അഭ്യാസം തീർച്ചയായും ചെയ്യണം എന്തുകൊണ്ടെന്നാൽ നിങ്ങൾ മുരളീധരന്റെ കുട്ടികളാണ്. അഥവാ മുരളി കേൾപ്പിക്കുന്നില്ലെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കില്ല. ആരെയെങ്കിലും കേൾപ്പിച്ചുകൊണ്ടിരിക്കു എങ്കിൽ വായ തുറക്കും. നിങ്ങൾ ഓരോരുത്തർക്കും തീർച്ചയായും ബാബയെപ്പോലെ ടീച്ചറായി മാറണം. എന്താണോ പഠിക്കുന്നത് അത് പഠിപ്പിക്കണം. ചെറിയ കുട്ടികൾക്കും ഈ പഠിപ്പ് പഠിക്കുന്നതിനുള്ള അവകാശമുണ്ട്. അവരും പരിധിയില്ലാത്ത ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനുള്ള അധികാരിയാണ്.

**ഓംശാന്തി**. ഇപ്പോൾ ശിവബാബയുടെ ജയന്തി വരികയാണ്. അതിനെക്കുറിച്ച് എങ്ങനെ മനസ്സിലാക്കിക്കൊടുക്കണം? ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് പിന്നീട് അതുപോലെ നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. എങ്ങനെയാണോ ബാബ നിങ്ങളെ പഠിപ്പിച്ചത് അതുപോലെ ബാബ തന്നെ എല്ലാവരേയും പഠിപ്പിക്കണം എന്നല്ല. ശിവബാബ നിങ്ങളെ പഠിപ്പിച്ചു, അറിയാം ഈ ശരീരത്തിലൂടെയാണ് പഠിപ്പിച്ചത്. നമ്മൾ ശിവബാബയുടെ ജയന്തി ആഘോഷിക്കുന്നുണ്ട്. നമ്മൾ ശിവനെന്ന പേര് തന്നെയാണ് പറയുന്നത്, ബാബ നിരാകാരനാണ്. ബാബയെ ശിവൻ എന്നാണ് വിളിക്കുന്നത്. അവർ പറയുന്നു- ശിവൻ ജനന-മരണ രഹിതനാണ്. പിന്നെങ്ങിനെ ജയന്തിയുണ്ടാകും? എങ്ങനെയാണ് നമ്പർവൈസായി ആഘോഷിച്ചുവരുന്നത് എന്നത് നിങ്ങൾക്ക് അറിയാം. ആഘോഷിച്ചുകൊണ്ടേയിരിക്കും. അതിനാൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. ബാബ വന്ന് ഈ ശരീരത്തെ ആധാരമായി എടുക്കുന്നു. മുഖം തീർച്ചയായും ആവശ്യമാണ്, അതിനാലാണ് ഗൗമുഖത്തിന് മഹിമയുള്ളത്. ഈ രഹസ്യം അൽപ്പം സങ്കീർണ്ണമാണ്. ശിവബാബയുടെ കർത്തവ്യത്തെ അറിയണം. നമ്മുടെ പരിധിയില്ലാത്ത അച്ഛൻ വന്നിരിക്കുന്നു, ബാബയിൽ നിന്നുതന്നെയാണ് നമുക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. തീർച്ചയായും ഭാരതത്തിനുതന്നെയാണ് പരിധിയില്ലാത്ത സമ്പത്തുണ്ടായിരുന്നത് മറ്റാർക്കും ഉണ്ടായിരുന്നില്ല. ഭാരതത്തെത്തന്നെയാണ് സത്യഖണ്ഢം എന്നു പറയുന്നത് മാത്രമല്ല ബാബയേയും സത്യം എന്ന് പറയുന്നു. അതിനാൽ ഈ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടി വരും പക്ഷേ ചിലർ അത്രപെട്ടെന്ന് മനസ്സിലാക്കുകയില്ല. ചിലർ പെട്ടെന്ന് മനസ്സിലാക്കും. ഈ യോഗവും പഠിപ്പും രണ്ടും വഴുക്കിപ്പോകുന്ന വസ്തുക്കളാണ്. അതിലും യോഗം കൂടുതൽ തെന്നിപ്പോകുന്നതാണ്. ജ്ഞാനം ബുദ്ധിയിൽ ഇരിക്കുകതന്നെ ചെയ്യും ബാക്കി ഓർമ്മ ഇടക്കിടെ മറന്നുപോകും. ജ്ഞാനം നിങ്ങളുടെ ബുദ്ധിയിലുണ്ട് അതായത് നമ്മൾ 84 ജന്മങ്ങൾ എടുക്കുന്നു, ആർക്കാണോ ഈ ജ്ഞാനമുള്ളത് അവർക്കേ ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കൂ ആദ്യത്തെ നമ്പറിൽ വരുന്നവരാണ് 84 ജന്മങ്ങൾ എടുക്കുന്നത്. ആദ്യം എന്ന് ഉയർന്നതിലും ഉയർന്ന ലക്ഷ്മീ നാരായണനേയാണ് പറയുക. നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള കഥയും പ്രശസ്തമാണ്. പൗർണ്ണമി നാളിൽ അനേകം സ്ഥലങ്ങളിൽ സത്യനാരായണന്റെ കഥ നടക്കാറുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ സത്യമായും ബാബയിലൂടെ നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള പഠിപ്പ് പഠിക്കുകയാണ്. ഇതാണ് പാവനമാകുന്നതിനുള്ള പഠിപ്പ്, മാത്രമല്ല ഇത് മറ്റെല്ലാ പഠിപ്പുകളേയും വെച്ച് തീർത്തും സഹജവുമാണ്. 84 ജന്മങ്ങളുടെ ചക്രത്തെ അറിയണം പിന്നെ ഈ പഠിപ്പ് എല്ലാവർക്കും ഒന്നുതന്നെയാണ്. വൃദ്ധർ, കുട്ടികൾ, യുവപ്രായക്കാർ എല്ലാവർക്കും ഒരേ പഠിപ്പാണ്. ചെറിയ കുട്ടികൾക്കും അവകാശമുണ്ട്. അഥവാ മാതാ- പിതാക്കൾ ഇവരെയൊക്കെ അൽപ്പാൽപ്പം പഠിപ്പിക്കുകയാണെങ്കിൽ ഒരുപാട് സമയമുണ്ട്. കുട്ടികൾക്കും ശിവബാബയെ ഓർമ്മിക്കാൻ പഠിപ്പിച്ച് കൊടുക്കണം. ആത്മാവിന്റേയും ശരീരത്തിന്റേയും അച്ഛൻ വേറെ വേറെയാണ്. ആത്മാവാകുന്ന കുട്ടി നിരാകാരിയായതിനാൽ അച്ഛനും നിരാകാരിയാണ്. ഇതും നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് അതായത് നിരാകാരനായ ശിവബാബ നമ്മുടെ അച്ഛനാണ്, എത്ര ചെറുതാണ്. ഇത് വളരെ നല്ലരീതിയിൽ ഓർമ്മ വെയ്ക്കണം. മറന്നുപോകരുത്. നമ്മൾ ആത്മാക്കളും ബിന്ദുസമാനം ചെറുതാണ്. മുകളിലേയ്ക്ക് പോയാൽ വലുതായി കാണാൻ കഴിയും, താഴെയെത്തുമ്പോൾ ചെറുതാകും, ഇങ്ങനെയൊന്നുമല്ല. ബാബ ബിന്ദുതന്നെയാണ്. മുകളിലേയ്ക്ക് പോയാൽ നിങ്ങൾക്ക് കാണാൻ പോലും സാധിക്കില്ല. ബിന്ദുവല്ലേ. ബിന്ദുവെങ്ങനെ കാണാൻ സാധിക്കും. ഈ കാര്യങ്ങളെക്കുറിച്ച് കുട്ടികൾ നന്നായി ചിന്തിക്കണം. നമ്മൾ ആത്മാക്കൾ മുകളിൽ നിന്നും വന്നത് ശരീരത്തിലൂടെ പാർട്ട് അഭിനയിക്കാനാണ്. ആത്മാവ് ചെറുതോ വലുതോ ആകുന്നില്ല.

കർമ്മേന്ദ്രിയങ്ങൾ ആദ്യം ചെറുതും പിന്നീട് വലുതുമാകുന്നു.

ഇപ്പോൾ നിങ്ങൾ എങ്ങനെ മനസ്സിലാക്കിയോ അതുപോലെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. തീർച്ചയായും നമ്പർവൈസായി ആര് എത്ര പഠിച്ചോ അത്രയേ പഠിപ്പിക്കൂ, എല്ലാവർക്കും തീർച്ചയായും ടീച്ചറായി മാറണം, പഠിപ്പിക്കുന്നതിനായി. ബാബയിൽ ജ്ഞാനമുണ്ട്, ഇത്രയും ചെറിയ പരമാത്മാവാണ്, സദാ പരമധാമത്തിലാണ് വസിക്കുന്നത്. ഇവിടേയ്ക്ക് ഒരേയൊരു തവണ സംഗമത്തിലാണ് വരുന്നത്. വളരെ അധികം ദുഃഖിയാവുമ്പോഴാണ് ബാബയെ വിളിക്കുന്നതുതന്നെ. പറയുന്നു വന്ന് ഞങ്ങളെ സുഖിയാക്കി മാറ്റൂ. കുട്ടികൾക്ക് ഇപ്പോൾ അറിയാം നമ്മൾ വിളിച്ചുകൊണ്ടേയിരുന്നു– ബാബാ, വന്ന് ഞങ്ങളെ പതിതലോകത്തിൽ നിന്നും പുതിയ സുഖമുള്ള സത്യയുഗീ ലോകത്തിലേയ്ക്ക് കൊണ്ടുപോകൂ അഥവാ അവിടേയ്ക്ക് പോകുന്നതിനുള്ള വഴി പറഞ്ഞുതരൂ. ബാബയും എപ്പോഴാണോ വരുന്നത് അപ്പോഴേ വഴി പറഞ്ഞുതരൂ. എപ്പോഴാണോ ലോകത്തെ പരിവർത്തനപ്പെടുത്തേണ്ടത് അപ്പോഴാണ് ബാബ വരുന്നത്. ഇത് വളരെ സഹജമായ കാര്യങ്ങളാണ്, കുറിച്ചുവെയ്ക്കണം. ബാബ ഇന്ന് ഈ കാര്യം മനസ്സിലാക്കിത്തന്നു, ഞങ്ങളും ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കും. ഇങ്ങനെ അഭ്യാസം ചെയ്ത് ചെയ്ത് വായ തുറക്കും. നിങ്ങൾ മുരളീധരന്റെ കുട്ടികളാണ്, നിങ്ങൾക്ക് തീർച്ചയായും മുരളീധരനായി മാറണം. എപ്പോൾ മറ്റുള്ളവരുടെ മംഗളം ചെയ്യുന്നുവോ അപ്പോഴേ പുതിയ ലോകത്തിൽ ഉയർന്ന പദവി നേടാൻ കഴിയൂ. ആ പഠിപ്പുകളെല്ലാം ഇവിടേയ്ക്കുവേണ്ടിയുള്ളതാണ്. ഇത് ഭാവിയിലെ പുതിയ ലോകത്തിനുവേണ്ടിയുള്ളതാണ്. അവിടെ സദാ സുഖം തന്നെ സുഖമാണ്. അവിടെ ഉപദ്രവിക്കാൻ 5 വികാരങ്ങൾ ഉണ്ടാകില്ല. ഇവിടെ നമ്മൾ രാവണരാജ്യത്തിൽ അഥവാ പരദേശത്താണ്. നിങ്ങളായിരുന്നു ആദ്യം തന്റെ രാജ്യത്തുണ്ടായിരുന്നത്. നിങ്ങൾ പറയും പുതിയലോകമെന്ന്, പിന്നീട് ഭാരതത്തെത്തന്നെയാണ് പഴയലോകം എന്നും പറയുന്നത്. പാട്ടുമുണ്ട് പുതിയ ലോകത്തിൽ ഭാരതം...... പുതിയ ലോകത്തിൽ ഇസ്ലാമികൾ അല്ലെങ്കിൽ ബൗദ്ധികൾ എന്നു പാടാറില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ബാബ വന്ന് നമ്മൾ കുട്ടികളെ ഉണർത്തുകയാണ്. ഡ്രാമയിൽ ബാബയുടെ പാർട്ടുതന്നെ ഇങ്ങനെയാണ്. ഭാരതത്തെത്തന്നെയാണ് വന്ന് സ്വർഗ്ഗമാക്കി മാറ്റുന്നത്. ഭാരതമാണ് ആദ്യത്തെ രാജ്യം. ആദ്യത്തെ ഭാരത രാജ്യത്തെയാണ് സ്വർഗ്ഗം എന്നു പറയുന്നത്. ഭാരതത്തിന്റെ ആയുസ്സും പരിധിയുള്ളതാണ്. ലക്ഷക്കണക്കിന് വർഷങ്ങൾ എന്ന് പറയുന്നത് പരിധിയില്ലാത്തതായി. ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ള കാര്യങ്ങളൊന്നും ഓർമ്മയിൽ വരില്ല. പുതിയ ഭാരതമുണ്ടായിരുന്നു, ഇപ്പോൾ പഴയ ഭാരതം എന്നേ പറയൂ. ഭാരതം തന്നെയാണ് പുതിയ ലോകമാകുന്നത്. നിങ്ങൾക്ക് അറിയാം നമ്മൾ ഇപ്പോൾ പുതിയ ലോകത്തിന്റെ അധികാരിയായി മാറുകയാണ്. ബാബ വഴി പറഞ്ഞുതന്നിട്ടുണ്ട് എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ആത്മാവ് പുതിയതും പവിത്രവുമായി മാറും പിന്നീട് ശരീരവും പുതിയത് ലഭിക്കും. ആത്മാവ്, ശരീരം രണ്ടും സതോപ്രധാനമായി മാറും. നിങ്ങൾക്ക് രാജ്യം ലഭിക്കുന്നതുതന്നെ സുഖത്തിനുവേണ്ടിയാണ്. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. പുതിയ ലോകത്തിൽ സുഖവും ശാന്തിയുമുണ്ട്. അവിടെ കൊടുങ്കാറ്റ് മുതലായവയൊന്നും ഉണ്ടാകില്ല. പരിധിയില്ലാത്ത ശാന്തിയിൽ എല്ലാം ശാന്തമായിരിക്കും. ഇവിടെ അശാന്തിയാണ് അതിനാൽ എല്ലാവരും അശാന്തരാണ്. സത്യയുഗത്തിൽ എല്ലാവരും ശാന്തമായിരിക്കും. അത്ഭുതകരമായ കാര്യങ്ങളല്ലേ. ഇത് അനാദിയായ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഇതെല്ലാം പരിധിയില്ലാത്ത കാര്യങ്ങളാണ്. അവർ പരിധിയുള്ള വക്കീൽ, എഞ്ചിനീയറിംഗ് മുതലായവ പഠിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ പരിധിയില്ലാത്ത ജ്ഞാനമുണ്ട്. ഒരേയൊരു തവണയാണ് ബാബ വന്ന് പരിധിയില്ലാത്ത ഡ്രാമയുടെ രഹസ്യം മനസ്സിലാക്കിത്തരുന്നത്. പരിധിയില്ലാത്ത ഡ്രാമ എങ്ങനെയാണ് കറങ്ങുന്നത് എന്ന് മുമ്പ് കേട്ടിട്ടുപോലുമുണ്ടായിരുന്നില്ല. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് സത്യയുഗം ത്രേതായുഗം എന്നിവ തീർച്ചയായും കഴിഞ്ഞുപോയി, ഇവിടെ ഇവരുടെ രാജ്യമുണ്ടായിരുന്നു. ത്രേതായുഗത്തിൽ രാമരാജ്യമുണ്ടായിരുന്നു, അതിനുപിന്നാലെ മറ്റനേകം ധർമ്മങ്ങൾ വന്നു. ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യൻ....... എല്ലാ ധർമ്മങ്ങളേക്കുറിച്ചും പൂർണ്ണമായും അറിയാം. ഇതെല്ലാം 2500 വർഷങ്ങൾക്കുള്ളിൽ വന്നതാണ്. അതിലും 1250 വർഷം കലിയുഗമാണ്. എല്ലാത്തിനും കണക്കുണ്ടല്ലോ. സൃഷ്ടിയുടെ ആയുസ്സുതന്നെ 2500 വർഷമാണ് എന്നല്ല. ശരി, പിന്നെ ആരെല്ലാം ഉണ്ടായിരുന്നു, ചിന്തിച്ചുനോക്കണം. ഇവർക്കുമുന്നിൽ തീർച്ചയായും ദേവീ ദേവത........ അവരും മനുഷ്യർ തന്നെയായിരുന്നു. പക്ഷേ ദൈവീക ഗുണങ്ങൾ നിറഞ്ഞവരായിരുന്നു. സൂര്യവംശിയും ചന്ദ്രവംശിയും 2500 വർഷങ്ങളിൽ. ബാക്കി അരകല്പത്തിൽ ബാക്കി എല്ലാവരും ഉണ്ടായിരുന്നു. ഇതിലും കൂടുതൽ കണക്ക് ആർക്കും എടുക്കാൻ കഴിയില്ല. പൂർണ്ണം, മുക്കാൽ അര, കാൽ. നാല് ഭാഗങ്ങളുണ്ട്. നിയമപ്രകാരം കഷ്ണം കഷ്ണമാക്കുമല്ലോ. അരകല്പത്തിൽ ഇതാണ്. പറയുന്നുമുണ്ട് സത്യയുഗത്തിൽ സൂര്യവംശീ രാജ്യം, ത്രേതായുഗത്തിൽ ചന്ദ്രവംശീ രാജ്യം– ഇത് നിങ്ങൾ തെളിയിച്ച് പറഞ്ഞുകൊടുക്കുന്നു. എങ്കിൽ തീർച്ചയായും ഏറ്റവും കൂടുതൽ ആയുസ്സ് ആദ്യമാദ്യം സത്യയുഗത്തിൽ വരുന്നവർക്ക് ആയിരിക്കും. കല്പം തന്നെ 5000 വർഷത്തിന്റേതാണ്. അവരാണെങ്കിൽ 84 ലക്ഷം യോനി

കൾ എന്നു പറയുന്നു അതിനാൽ കല്പത്തിൽ ആയുസ്സിനേയും ലക്ഷക്കണക്കിന് വർഷം എന്ന് പറയുന്നു. ആരും അംഗീകരിക്കുകയില്ല. ഇത്രയും വലിയ ലോകം ഉണ്ടാവുകയും സാധ്യമല്ല. അതിനാൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്– അതെല്ലാം അജ്ഞാനമാണ് ഇതാണ് ജ്ഞാനം. ജ്ഞാനം എവിടെ നിന്നുവന്നു– ഇതും ആർക്കും അറിയില്ല. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്, ബാബയാണ് മുഖത്തിലൂടെ ജ്ഞാനം നൽകുന്നത്. ഗൗമുഖം എന്നുപറയുന്നു. ഈ ഗോമാതാവിലൂടെ നിങ്ങളെ എല്ലാവരേയും ദത്തെടുക്കുന്നു. ഈ ചെറിയ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. ഒരു ദിവസം മനസ്സിലാക്കിക്കൊടുത്തിട്ട് പിന്നെ വിട്ടുകളഞ്ഞാൽ ബുദ്ധി പിന്നീട് മറ്റുകാര്യങ്ങളിൽ മുഴുകും. സ്ക്കൂളിൽ ഒരു ദിവസമാണോ പഠിക്കുക അതോ ദിവസവും പഠിക്കുമോ! ജ്ഞാനം ഒരു ദിവസംകൊണ്ട് മനസ്സിലാക്കിക്കൊടുക്കാൻ പറ്റില്ല. പരിധിയില്ലാത്ത ബാബ നമ്മെ പഠിപ്പിക്കുന്നു എങ്കിൽ തീർച്ചയായും പരിധിയില്ലാത്ത പഠിപ്പായിരിക്കും. പരിധിയില്ലാത്ത രാജ്യം നൽകുന്നു. ഭാരതത്തിൽ പരിധിയില്ലാത്ത രാജ്യം ഉണ്ടായിരുന്നല്ലോ. ഈ ലക്ഷ്മീ നാരായണന്മാർ പരിധിയില്ലാത്ത രാജ്യം ഭരിച്ചിരുന്നു. ആരുടെയാണോ സ്വപ്നത്തിൽ പോലും ഈ കാര്യങ്ങൾ ഇല്ലാതിരുന്നത് അവർ ചോദിക്കും ഇവർ എങ്ങനെ രാജ്യം നേടി? അവരിൽ പവിത്രത കൂടുതലായിരുന്നു, യോഗികളല്ലേ അതിനാൽ ആയുസ്സും കൂടുതലായിരിക്കും. നമ്മൾ തന്നെയായിരുന്നു യോഗികൾ. പിന്നീട് 84 ജന്മങ്ങൾ എടുത്ത് തീർച്ചയായും ഭോഗിയായും മാറണം. അവരും പുനർജന്മത്തിൽ വന്നിട്ടുണ്ടാകും എന്നത് മനുഷ്യർക്ക് അറിയില്ല. ഇവരെ ഭഗവാൻ –ഭഗവതി എന്നു പറയാൻ പറ്റില്ല. ഇവർക്ക് മുമ്പ് 84 ജന്മങ്ങൾ എടുത്തവരായി ആരുമില്ല. ആദ്യമാദ്യം ആരാണോ സത്യയുഗത്തിൽ രാജ്യം ഭരിക്കുന്നത് അവരാണ് 84 ജന്മങ്ങൾ എടുത്ത് പിന്നീട് നമ്പർവൈസായി താഴേയ്ക്ക് വരുന്നത്. നമ്മൾ ആത്മാക്കൾ തന്നെ ദേവതയായി മാറും പിന്നീട് നമ്മൾതന്നെ ക്ഷത്രിയൻ......ഡിഗ്രി കുറഞ്ഞുവരും. പുജ്യനിൽ നിന്നും പൂജാരി എന്ന് പാടാറുണ്ട്. സതോപ്രധാനത്തിൽ നിന്നും വീണ്ടും തമോപ്രധാനമായി മാറുന്നു. ഇങ്ങനെ പുനർജന്മങ്ങൾ എടുത്ത് എടുത്ത് താഴേയ്ക്ക് വരും. ഇത് എത്ര സഹജമാണ്. പക്ഷേ മായ ഇങ്ങനെയാണ് അത് എല്ലാം മറപ്പിക്കും. ഈ മുഴുവൻ പോയിന്റുകളും ഒരുമിപ്പിച്ച് പുസ്തകമാക്കാം, പക്ഷേ അതൊന്നും നിലനിൽക്കില്ല. ഇത് താല്ക്കാലികമാണ്. ബാബ ഗീത കേൾപ്പിക്കുകയല്ല ചെയ്തത്. ബാബ എങ്ങനെയാണോ ഇപ്പോൾ മനസ്സിലാക്കിത്തരുന്നത് അതുപോലെ മനസ്സിലാക്കിത്തരുകയാണ് ചെയ്തത്. ഈ വേദ ശാസ്ത്രങ്ങളെല്ലാം അതിനുശേഷമാണ് ഉണ്ടാകുന്നത്. ഇപ്പോൾ എന്തെല്ലാം ഗ്രന്ഥങ്ങളുണ്ടോ അതെല്ലാം വിനാശമാകുമ്പോൾ കത്തിനശിക്കും. സത്യ ത്രേതായുഗങ്ങളിൽ ഒരു പുസ്തകവും ഇല്ല പിന്നീട് ഭക്തിമാർഗ്ഗത്തിലാണ് ഉണ്ടാകുന്നത്. എത്ര സാധനങ്ങളാണ് ഉണ്ടാകുന്നത്. രാവണനെയും ഉണ്ടാക്കുന്നുണ്ട് പക്ഷേ അറിവില്ലാതെയാണ് ചെയ്യുന്നത്. ഒന്നും പറയാൻ കഴിയില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഇത് എല്ലാ വർഷവും ഉണ്ടാക്കുന്നുമുണ്ട് കത്തിക്കുന്നുമുണ്ട്, തീർച്ചയായും ഇവർ വളരെ വലിയ ശത്രുവായിരിക്കും. പക്ഷേ ശത്രുവാകുന്നത് എങ്ങനെയാണ്, ഇത് ആർക്കും അറിയില്ല. അവർ കരുതുന്നത് സീതയെ കട്ടുകൊണ്ടുപോയല്ലോ അതുകൊണ്ടായിരിക്കും ചിലപ്പോൾ ശത്രുവായത്. രാമന്റെ സീതയെ കട്ടുകൊണ്ടുപോയെങ്കിൽ വളരെ വലിയ കള്ളനായില്ലേ! എപ്പോൾ കട്ടുകൊണ്ടുപോയി! ത്രേതയിൽ എന്നു പറയുമോ അതോ ത്രേതയുടെ അന്തിമത്തിലെന്നു പറയുമോ. ഈ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുന്നു. എപ്പോഴെങ്കിലും കട്ടുകൊണ്ടുപോയിട്ടുണ്ടാകണം. ഏത് രാമന്റെ സീതയെയാണ് കട്ടുകൊണ്ടുപോയത്? രാമ–സീതയുടെ രാജധാനി നടന്നിട്ടുണ്ടോ? ഒരേയൊരു രാമനും സീതയുമാണോ ഉണ്ടായിരുന്നത്? ഇത് ശാസ്ത്രങ്ങളിൽ കഥപോലെ എഴുതിയിരിക്കുന്നു. ചിന്തിക്കണം– ഏത് സീതയാണ്? രാമ സീതമാർ 12 പരമ്പരയുണ്ടാകും. എങ്കിൽ ഏത് സീതയേയാണ് കട്ടുകൊണ്ടുപോയത്? തീർച്ചയായും അവസാനത്തേതായിരിക്കും. ഇവർ പറയുന്നു രാമന്റെ സീതയെ കട്ടുകൊണ്ടുപോയി എന്ന്. ഇപ്പോൾ രാമന്റെ രാജ്യത്തിൽ മുഴുവൻ സമയവും ഒരാൾതന്നെ രാജ്യം ഭരിക്കില്ല. തീർച്ചയായും പരമ്പരയുണ്ടാകും. എങ്കിൽ എത് നമ്പറിലുള്ള സീതയേയാണ് കട്ടുകൊണ്ടുപോയത്? ഇതെല്ലാം വളരെ അധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾ കുട്ടികൾക്ക് ശീതളമായി ആർക്കുവേണമെങ്കിലും ഈ രഹസ്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും.

ബാബ മനസ്സിലാക്കിത്തരുന്നു ഭക്തിമാർഗ്ഗത്തിൽ മനുഷ്യൻ എത്ര ക്ഷീണിക്കുന്നു ദുഃഖിയാവുന്നു. എപ്പോഴാണോ അതീവദുഃഖിയാകുന്നത് അപ്പോൾ നിലവിളിക്കാൻ തുടങ്ങും– ബാബാ ഈ ദുഃഖത്തിൽ നിന്നും രക്ഷിക്കൂ. രാവണൻ അത്ര വലിയ ആളൊന്നുമല്ലല്ലോ. അഥവാ ആയിരുന്നെങ്കിൽ തങ്ങളുടെ രാജാവിനെ ഓരോ വർഷവും കൊല്ലുന്നത് എന്തിനാണ്! രാവണന് തീർച്ചയായും പത്നിയും ഉണ്ടാകും. മണ്ഡോദരിയെ കാണിക്കുന്നു. മണ്ഡോദരിയുടെ രൂപം ഉണ്ടാക്കി കത്തിക്കുക എന്നത് എവിടെയും കണ്ടിട്ടില്ല. അതിനാൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് ഇത് അസത്യമായ മായ, അസത്യമായ ശരീരം............ ഇപ്പോൾ നിങ്ങൾ അസത്യത നിറഞ്ഞ മനുഷ്യനിൽ നിന്നും സത്യതയുള്ള ദേവതയാകാനായി ഇരിക്കുകയാണ്. വ്യത്യാസമുണ്ടല്ലോ! അവിടെ എപ്പോഴും സത്യം പറയും. അത് സത്യഖണ്ഢമാണ്. ഇത് അസത്യ

ഖണ്ഢമാണ്. അതിനാൽ അസത്യം തന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ജ്ഞാനസാഗരനായ ബാബ ദിവസവും പരിധിയില്ലാത്ത പഠിപ്പ് പഠിപ്പിക്കുന്നു, അതിനുമേൽ വിചാര സാഗര മഥനം ചെയ്യണം. എന്താണോ പഠിച്ചത് അത് തീർച്ചയായും മറ്റുള്ളവരേയും പഠിപ്പിക്കണം.

2) ഈ പരിധിയില്ലാത്ത ഡ്രാമ എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്, ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ അത്ഭുതകരമായ ഡ്രാമയാണ്, ഈ രഹസ്യത്തെ നല്ലരീതിയിൽ മനസ്സിലാക്കി പിന്നീട് മനസ്സിലാക്കിക്കൊടുക്കണം.

## വരദാനം:- പവിത്രതയുടെ ശ്രേഷ്ഠധാരണയിലൂടെ ഏകധർമ്മത്തിന്റെ സംസ്കാരമുള്ളവരായ സമർത്ഥ സാമ്രാട്ടായി ഭവിക്കട്ടെ.

താങ്കളുടെ സ്വരാജ്യത്തിന്റെ ധർമ്മം അതായത് ധാരണയാണ് പവിത്രത. ഏകധർമ്മം അർത്ഥം ഏകധാരണ. സ്വപ്നത്തിലോ സങ്കൽപത്തിലോ പോലും അപവിത്രത അഥവാ മറ്റൊരു ധർമ്മം ഉണ്ടായിരിക്കരുത് എന്തുകൊണ്ടെന്നാൽ എവിടെ പവിത്രതയുണ്ടോ അവിടെ അപവിത്രത അർത്ഥം വ്യർത്ഥത്തിന്റെയോ വികൽപത്തിന്റെയോ പേരോ അടയാളമോ ഉണ്ടാകില്ല. അങ്ങനെയുള്ള സമ്പൂർണ്ണ പവിത്രതയുടെ സംസ്കാരം നിറക്കുന്നവർ തന്നെയാണ് സമർത്ഥ സാമ്രാട്ട്. ഇപ്പോഴത്തെ ശ്രേഷ്ഠ സംസ്കാരങ്ങളുടെ ആധാരത്തിലാണ് ഭാവി ലോകം ഉണ്ടാകുന്നത് . ഇപ്പോഴത്തെ സംസ്കാരം ഭാവി ലോകത്തിന്റെ അടിത്തറയാണ്.

## സ്ലോഗൻ:- വിജയീരത്നം അവർക്ക് തന്നെയാണ് ആകാൻ സാധിക്കുക ആരുടെയാണോ സത്യമായ പ്രീതി ഒരു ബാബയോടൊപ്പമുള്ളത്.